# തന്ത്രവിചാരം എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിൽ

ഡോ. കവിതാരാമൻ

അസി. പ്രൊഫസർ, ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല, കൊയിലാണ്ടി പ്രാദേശിക കേന്ദ്രം

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിന്റെ പൊരുൾ രൂപപ്പെടുത്തുന്നത് ശൈവാഗമതന്ത്രമാണ്. അദ്ധ്യാത്മപ്രദീപകവും അത്യന്തം രഹസ്യവുമായ ആത്മവിദ്യയാണ് ഈ കൃതിയുടെ വിഷയം.

'അദ്ധ്യാത്മ പ്രദീപകമത്യന്തം രഹസ്യമി-
തദ്ധ്യാത്മരാമായണം മൃത്യുശാസനപ്രോക്തം
അദ്ധ്യയനംചെയ്തീടുംമർത്ത്യജന്മികൾക്കെല്ലാം
മുക്തി സിദ്ധിക്കുമസന്ദിഗ്ദ്ധമിജ്ജന്മം കൊണ്ടേ'

(ബാലകാണ്ഡം, 1988പുറം 23)

അദ്ധ്യയനം ചെയ്യുന്നവർക്ക് ആത്മജ്ഞാനം ഉണ്ടാവുകയാണ് അദ്ധ്യാത്മരാമായണത്തിന്റെ പാരായണലക്ഷ്യമെന്ന് എഴുത്തച്ഛൻ. ആത്മജ്ഞാനം ഉളവാക്കുന്ന രാമായണപാരായണം എന്താണ്? കാരണം സംഘർഷങ്ങളിലൂടെ യാത്ര ചെയ്യേണ്ടിവന്ന ഒരുവന്റെ ജീവിതകഥയായി രാമായണത്തെ വായിക്കാം. പ്രിയാപ്രിയങ്ങളുടെ കെണിയിൽ കുടുങ്ങിത്തകർന്ന കുടുംബജീവിത ഇതിവൃത്തമായും രാമായണത്തെ വായിക്കാം. രാമായണമൊക്കെ വായിക്കുന്നവനാണെന്ന അഹന്തയ്ക്കും വായിക്കാം. അത്തരം വായനകൾ എഴുത്തച്ഛൻ വാഗ്ദാനം ചെയ്ത ആത്മജ്ഞാനപ്രാപ്തി ഉണ്ടാക്കിത്തരുമോ? ആത്മജ്ഞാനത്തിനായി രാമായണം വായിക്കുന്ന തലത്തിലാണ് ശൈവതന്ത്രസൂചകങ്ങളും ക്രിയാപദ്ധതികളും നിറഞ്ഞഗ്രന്ഥമെന്ന നിലയിൽ എഴുത്തച്ഛന്റെ രാമായണം പ്രസക്തമാവുന്നത്. അപ്പോഴാണ് തന്ത്രയുടെ ക്രിയാപദ്ധതികളെയും തന്ത്രസാധകനായ ഹനുമാനെയും പരിചയപ്പെടേണ്ടിവരിക.

തന്ത്രയെന്ന ശബ്ദത്തിന് സിദ്ധാന്തം, ശ്രുതിശാഖ, രചന, ശാസ്ത്രവിശേഷം എന്നെല്ലാം നിഘണ്ടുവിൽ അർത്ഥം കാണാം. ശതപഥബ്രാഹ്മണവും താണ്ഡ്യബ്രാഹ്മണവും ഒന്നിന്റെ സത്തയുടെ മുഖ്യാംശത്തെതന്ത്രമെന്ന് വിളിക്കുന്നു. കാശ്മീരിതന്ത്രത്തിന് ഒരു കാരിക തന്നെ എഴുതിയ ഭാസ്കരായൻ മീമാംസാശാസ്ത്രത്തെ തന്ത്രം എന്ന് വിളിച്ചു കാണുന്നുണ്ട്. "തന്യതേ വിസ്താര്യതേ ജ്ഞാനം അനേന ഇതി തന്ത്രം" എന്നതനുസരിച്ച് ഏതു ജ്ഞാനശാഖയേയും തന്ത്രമെന്നു വിളിക്കാം.

ഈശാനഗുരുദേവപദ്ധതിപ്രകാരം തന്ത്രയെന്നാൽ ശൈവസമ്പ്രദായമാണ്. പശു, പാശം, പതി, ശക്തി, വിചാരം, ക്രിയാചാരം എന്നീ ആറുവിഭാഗങ്ങളോടു കൂടിയ ഇത് കാശ്മീരിതന്ത്രാഗമമാണ്. ഈശാനഗുരുദേവ പദ്ധതിപ്രകാരം തന്ത്രക്ക കൊടുക്കുന്ന ശൈവസമ്പ്രദായം എന്ന അർത്ഥമാണ് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിലെ തന്ത്രവിചാരത്തിന് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ആ അർത്ഥത്തിൽ ആത്മനിഷ്ഠമായ അച്ചടക്കത്തിന്റെ, ചിത്തശുദ്ധീകരണത്തിന്റെ അത്യന്തസുന്ദരമായ ഒരു ജീവിതക്രമമാണ് അദ്ധ്യാത്മരാമായണം ആവശ്യപ്പെടുന്നത്. വായനക്കാരന്റെ ഉണർവ്വിന്റെയും സ്വപ്നത്തിന്റെയും ഉറക്കത്തിന്റെയും മണ്ഡലങ്ങളെ രക്ഷിക്കുന്ന തന്ത്രയുടെ പാരായണമാണ് ആത്മജ്ഞാനത്തെ ഉണ്ടാക്കുന്നത്.

ഈശാനപദ്ധതിപ്രകാരം പറയുന്ന ശൈവാഗമമെന്ന തന്ത്രയുടെ സ്വാധീനം കൃതിയുടെ ആകെ ആഖ്യാനത്തിലും തന്ത്രയുടെ സാധനകൾ വിവരിച്ചിട്ടുള്ള സുന്ദരകാണ്ഡത്തിലുമാണ് പ്രകടമായി കാണുന്നത്. ഉമാമഹേശ്വരസംവാദരൂപത്തിലാണ് അദ്ധ്യാത്മരാമായണത്തിന്റെ ആഖ്യാനം എഴുത്തച്ഛൻ നിർവ്വഹിച്ചിരിക്കുന്നത്.

വിഷ്ണുവിന്റെ അവതാരമായ രാമന്റെ കഥ പറയുന്ന അദ്ധ്യാത്മരാമായണത്തിൽ ശിവപാർവതിമാർ ആഖ്യാനകേന്ദ്രത്തിൽ വരുന്നത് അസംബന്ധമാണെന്നും അതല്ല കേരളത്തിൽ ശൈവവൈഷ്ണവ സമ്പ്രദായങ്ങൾ തമ്മിലുള്ള സംഘർഷം തമിഴ്നാട്ടിലേതുപോലെ പ്രബലമല്ലാതിരുന്നതിന്റെ തെളിവാണെന്നും സാമാന്യാർത്ഥത്തിൽ പറയാം. എന്നാൽ സൂക്ഷമാർത്ഥത്തിൽ ഈ കൃതിയിലെ ശിവ-പാർവതി സംവാദമാണ് തന്ത്രയിലേക്കുള്ള ആദ്യ സൂചന.

വൈഷ്ണവതന്ത്രം, ശൈവതന്ത്രം, ശാക്തേയ തന്ത്രം എന്ന് മൂന്ന് ഉൾപ്പിരിവുകൾ തന്ത്രത്തിനുണ്ട്. ഇവയെ യഥാക്രമം സംഹിത, ആഗമം, തന്ത്രം എന്ന് പറയുന്നു. ശൈവതന്ത്രത്തെ ആഗമങ്ങളെന്നും വിളിക്കുന്നു. ആഗമം ശിവൻ ഗുരുവും പാർവതി ശിഷ്യയുമായി ഉണ്ടായിട്ടുള്ള തന്ത്രങ്ങളാണ്. അദ്ധ്യാത്മരാമായണം ബാലകാണ്ഡത്തിൽ തുടങ്ങുന്ന ഉമാമഹേശ്വരസംവാദം ഭാര്യാഭർത്താക്കന്മാർ പറയുന്ന നേരം പോക്കിന്റെയോ പരദൂഷണത്തിന്റെയോ രീതിയിലല്ല. മറിച്ച് ശൈവാഗമതന്ത്രത്തിലെ ഗുരുശിഷ്യസംവാദ രൂപത്തിലാണ് എഴുത്തച്ഛൻ ഉപയോഗിച്ചിട്ടുള്ളത്. ഒരുവളെ അല്ലെങ്കിൽ ഒരുവനെ ശിഷ്യനാക്കുന്ന 'ആകാംക്ഷാ പരവശചേതസാ' ആണ് അത്യന്തം രഹസ്യമായ വസ്തു അറിയാൻ പാർവതി മഹാനുഭാവനായ ശിവനിലെ ഗുരുകാരുണ്യത്തിനായി അപേക്ഷിക്കുന്നത്.

'അത്യന്തം രഹസ്യമായുള്ളൊരു പരമാത്മാ
തത്ത്വാർത്ഥമറികയിലാഗ്രഹമുണ്ടായതും
ഭക്ത്യാതിശയം പുരുഷോത്തമൻതങ്കലേറ്റം
നിത്യവും ചിത്തകാമ്പിൽ വർദ്ധിക്കതന്നെ മൂലം
ശ്രീരാമപാദാംബുജം വന്ദിച്ചു സംക്ഷേപിച്ചു
സാരമായുള്ള തത്ത്വം ചൊല്ലുവൻ കേട്ടാലും നീ.' (1988:പുറം 25)

എന്ന് ബാലകാണ്ഡത്തിൽ തുടങ്ങുന്ന ശിവ-പാർവതിമാരുടെ ഗുരുശിഷ്യസംവാദം കൃതിയുടെ അവസാനംവരെ എഴുത്തച്ഛൻ പിൻതുടരുന്നുണ്ട്. സുന്ദരകാണ്ഡത്തിന്റെ തുടക്കത്തിൽ

'ഹിമശിഖരിസുതയോടു ചിരമച്ചഗംഗാധര-
നെങ്കിലോ കേട്ടുകൊൾകെന്നരുളിച്ചെയ്തു'

എന്നുംഅവസാനിക്കുമ്പോൾ

'പരമശിവനിതി രഘുകുലാധിപന്തന്നുടെ
പാവനയായ കഥയരുൾ ചെയ്തു

ഭഗവതി ഭവാനി പരമേശ്വരി കേട്ടു
ഭക്തിപരവശയായ് വണങ്ങീടിനാൾ'

എന്നും കാണാം.ശൈവതന്ത്രത്തിന്റെകേരളത്തിലെ പ്രമുഖാചാര്യനായി എഴുത്തച്ഛനെയും ശൈവാഗമഗ്രന്ഥമായി അദ്ധ്യാത്മരാമായണത്തെയും മാറ്റുന്നത് തന്ത്രസാധനയുടെ ലക്ഷണങ്ങൾ നിറഞ്ഞിരിക്കുന്ന സുന്ദരകാണ്ഡമാണ്. ജനിമൃതികളുടെ 'ലവണജലനിധി' കടക്കാൻ പോകുന്ന ഹനുമാന്റെ യാത്രയെ 'അതിചപലമംബരേ മാനേന പോകുന്നു' എന്നാണ് എഴുത്തച്ഛൻ പരിചയപ്പെടുത്തുന്നത്. അംബരം ആകാശമാണ്. 'ഖേ' ആകാശം. അഥവാ ചിത്തം. അതിൽ ചരിക്കുന്നത് 'ഖേചരിമുദ്ര'യെന്ന് 'സ്പന്ദവാർത്തികം' പറയും.

'അതിചപലമംബരേമാനേന
പോകുന്നിതാശരേശാലയേ
പ്രണതജനബഹുജനന
മരണഹരനാമകംപ്രാണപ്രയാണ
കാലേനിരൂപിപ്പവൻജനിമരജലനിധിയെ
വിരവൊടുകടക്കമ-ജ്ജന്മനാകിംപുന
സ്തസ്യദൂതോസ്മ്യഹം
തദനുമമ ഹൃദി സപദി രഘുപതി
രനാരതം തസ്യാംഗുലീയവുമുണ്ടുശിരസി മേ'      (1988, പുറം27)

ഹനുമാന്റെ യാത്ര വെറും സ്ഥൂലാകാശത്തിൽ അല്ലെന്നും സ്വചിത്തത്തിലൂടെയുള്ള തന്ത്രസാധകന്റെ യാത്രയാണെന്നും വെളിപ്പെടുത്തുന്നതാണ് 'അതിചപലമംബരേ'എന്ന സുന്ദരകാണ്ഡത്തിലെ പ്രയോഗം. വൃത്തികൾ കൊണ്ട് അതിചപലമാകുന്നചിത്തത്തിലൂടെയാണ് സമയാചാരനിഷ്ഠനായ ശൈവതന്ത്രത്തിലെ സാധകൻ സാധന നടത്തുന്നത്. എപ്പോഴാണോ മനസ്സ് വിഷയങ്ങളിൽനിന്ന് പിൻതിരിയുകയും ചിത്തത്തിൽ നിലയുറപ്പിക്കുകയും ചെയ്യുന്നത് അപ്പോൾ അദ്വൈതമായ ശിവജ്ഞാനമുണ്ടാകും. 'ഖേചരിമുദ്രയും' മന്ത്രവും ചേർന്നാണ് സാധകനെ ലക്ഷ്യത്തിലെത്തിക്കുന്നത്. 'മരണഹരനാമം'കൊണ്ട് ജലനിധിയെ വിരവൊടു കടക്കുമെന്നും 'മമ ഹൃദി സപദി രഘുപതിരനാരതം' ഉണ്ടെന്നും ഹനുമാൻ തന്നെ തന്റെ ചിത്തത്തിലെ മന്ത്ര സ്വീകരണത്തെ സുന്ദരകാണ്ഡത്തിൽ വെളിപ്പെടുത്തുന്നുണ്ട്. ഇവിടെ ഹനുമാൻ ഖേചരീമുദ്രയിലൂടെ ചരിക്കുന്നത് സ്ഥൂലശരീരം കൊണ്ട് മാത്രമല്ല സൂക്ഷ്മമായ മന്ത്രശരീരം കൊണ്ടാണ്.

ശംഭുവിന്റെ പ്രതിരൂപമായ ഗുരു ശിഷ്യനിൽ സ്ഥൂലശരീരത്തിനപ്പുറം മന്ത്രശരീരത്തെയുണ്ടാക്കുന്ന തന്ത്രാഗമത്തിലെ പ്രക്രിയ രാമനാകുന്ന ഹനുമാന്റെ ഗുരു ബാലകാണ്ഡത്തിൽ തന്നെ 'പരമാത്മാവാകുന്ന ബിംബത്തിൻ പ്രതിബിംബം പരിചിൽ കാണുന്നത് ജീവാത്മവറികെടോ' എന്ന് തുടങ്ങുന്ന മഹാവാക്യോപദേശം കൊണ്ട് സാധിച്ച് കിഷ്കിന്ധാകാണ്ഡത്തിൽ മന്ത്രോപദേശവും അടയാളവാക്യവും നല്കി സ്വശിഷ്യനായ ഹനുമാന് തന്ത്രദീക്ഷ നല്കുന്നുണ്ട്. ശിഷ്യന് മന്ത്രശരീരം കൊടുത്ത് ആ മന്ത്രശരീരത്തിന് അന്നമായ ജ്ഞാനം—അടയാളവാക്യവും അംഗുലീയവും—നല്കുന്നുണ്ട്. ആ മന്ത്രശരീരത്തിലൂടെ സഞ്ചരിക്കുമ്പോൾ സ്ഥൂലമായ അന്നശരീരം താനല്ലെന്ന അറിവ് സാധകനിൽ ഉണ്ടാവുന്നത് കൊണ്ടാണ് നിർഭയനായി ചരിക്കുന്നത്.ആ നിർഭയത്വം ഹനുമാനിൽ ഇങ്ങനെ വായിക്കാം.

'കിമപി നഹി ഭയമുദധി സപദി തരിതും
കീശപ്രവരരേ! ഖേദിയായ്കേതുമേ.'

ആ നിർഭയത്വമാണ് തന്ത്രസാധനയുടെ സമ്പ്രദായം. നിർഭയനായ തന്ത്രസാധകന്റെ മന്ത്രശരീരത്തിലെ യാത്രയാണ് സുന്ദരകാണ്ഡത്തിൽ എഴുത്തച്ഛൻ വിവരിക്കുന്നത്.

സാധകന് അജ്ഞാനത്തിന്റെ ബന്ധമില്ലാതാക്കാൻ ഉദ്യമം കൊണ്ടു മാത്രമേ കഴിയൂ എന്ന് വാർത്തികം പറയും. ദൃശ്യമായ ഈ ലോകം മുഴുവൻ പരമാത്മാവിന്റെ ശരീരമാണ് എന്ന ശിവതത്വമാണ് അജ്ഞാനത്തിന്റെ ആവരണമഴിക്കാനുള്ള മാർഗ്ഗമായി തന്ത്ര യോഗികൾ കാണുന്നത്. അതിനുവരെ പ്രാപ്തമാക്കുന്നത് ഏകാഗ്രതയും ധ്യാനവുമാണ്. അവയാണ് ചക്രേശനായ ശിവസാന്നിദ്ധ്യത്തിൽ സാധകനെ എത്തിക്കുന്നത്.

"അതിവിപുലഗളവുമാർജ്ജവമാക്കിനി-
ന്നാകുഞ്ചിതാംഘ്രിയായൂർദ്ധ്വനയനനായ്" (1988, പുറം 295)

എന്നത് ഹനുമാന്റെ യാത്രനിലയുടെ വർണ്ണനയാണ്. ഊർദ്ധനയനനാകുന്നത് ആജ്ഞാചക്രത്തിലേയ്ക്കാണ്. അവിടെയാണ് ഗുരു ഇരിക്കുന്ന ഗുഹ. ആജ്ഞാചക്രത്തിലെ ഉപാസന ബ്രഹ്മനാഡിയുടെ അഥവാ കുണ്ഡലിനീലതയുടെ ചുവട്ടിലിരിക്കുന്ന കുണ്ഡലിനിശക്തിയിലേയ്ക്ക് സാധകനെ എത്തിക്കും. അതാണ് അശോകവൃക്ഷച്ചുവട്ടിലിരിക്കുന്ന സീതയിലേയ്ക്കുള്ള ഹനുമാന്റെ യാത്ര സൂചിപ്പിക്കുന്നത്.

സുന്ദരകാണ്ഡത്തിലെ ഹനുമാന്റെ മാർഗ്ഗവിഘ്നവർണ്ണനം സാധനകൊണ്ട് ചക്രേശസാന്നിദ്ധ്യത്തിലെത്തിയ സാധകന്റെ ചക്രേശാവസ്ഥയുടെ വിവരണമാണ്. ചക്രേശാവസ്ഥയുടെ സൂചനയാണ് അണിമാ, ഗരിമാ, ലഘിമ, ഈശിത്വം, വശിത്വം തുടങ്ങിയ അഷ്ടസിദ്ധികൾ. ദശയോജന, ഇരുപത് യോജന, അംഗുഷ്ഠമാത്രത്വം, കീടവദേഹത്വം, പർവ്വതതുല്യശരീരത്വം എന്നിവ ഹനുമാനുണ്ടെന്ന് സുന്ദരകാണ്ഡത്തിലാകെ വർണ്ണനയുണ്ട്.

മന്ത്രശരീരിയായ സാധകൻ സാധനയുടെ മുന്നേറ്റത്തിൽ, മൂലാധാരത്തിൽ ശക്തി പ്രാണരോധനം ചെയ്ത് ഉണർന്നുകഴിഞ്ഞാൽ ജ്ഞാനാഗ്നിയിൽ തപിക്കും. ഹനുമാൻ പവനതനയനാണ്. അന്നമയശരീരമാണ് താനെന്ന ജീവിവർഗ്ഗത്തിന്റെ അഭിമാനതലം ഹനുമാനില്ല. ഒരുവന്റെ മനോലോകങ്ങൾതന്നെയും അവന്റെ നിയന്ത്രണത്തിലാകുന്നത് പ്രാണമയ ശരീരത്തിലേയ്ക്കുള്ള സാധാനാപൂർണ്ണമായ പ്രവേശത്തിലൂടെയാണ്. ഹനുമാന്റെ ജനനം തന്നെ പ്രാണമായ ശരീരത്തിൽ പവനാത്മജനായാണ്. പവനനാണ് ഹനുമാനെ സീതാസവിധത്തിലെത്തിക്കുന്നതെന്ന് സുന്ദരകാണ്ഡം.

'കനകമണിരചിതഭവനങ്ങളിലെങ്ങുമേ
കാണാഞ്ഞു പിന്നെയും നീളെ നോക്കും വിധൗ

കുസുമചയ സുരഭിയൊടു പവനനതി ഗൂഢമായി
കൂടെത്തടഞ്ഞു കൂട്ടികൊണ്ടുപോയുടൻ

ഉപവനവുമുരുതരതരുപ്രവരങ്ങളും-
മുന്നതമായുള്ള ശിംശാപവൃക്ഷവും

അതിനികടമഖിലജഗദീശ്വരിതന്നെയു-
മാശ്രുഗനാശ്രു കാട്ടികൊടുത്തീടിനാൻ' (1988 പുറം 301)

ഇപ്രകാരം സാധകനിൽ ശക്തിപ്രാണരോധനം ചെയ്തുണരുമ്പോൾ ജ്ഞാനാഗ്നിയാൽ തപിക്കും. ആ തപിക്കലാണ് വാസനകളുടെ കാരണശരീരത്തെ വറുത്തുപൊടിക്കുന്നത്. അതിന്റെ വർണ്ണനയാണ് ഹനുമാന്റെ ലങ്കാദഹനം. 'ജ്ഞാനാഗ്നി ദഗ്ധകർമ്മാണാം' എന്ന് പ്രമാണവുമുണ്ടല്ലോ. വാസനകളുടെ കാരണശരീരം വറുത്തുകളഞ്ഞ ഹനുമാനാണ് രാവണ സഭയിൽ ധർമ്മോപദേശം ചെയ്യുന്ന ഗുരുവായി വളരുന്നത്.

'ത്യജമനസി ദശവദന ! രാക്ഷസീം ബുദ്ധിയെ
ദൈവിംഗതിയെ സമാശ്രയിച്ചീട്ടു നീ

അതുജനനമരണ ഭയനാശിനി നിർണ്ണയ-
മന്യയായുള്ളത് സംസാരകാരിണി

കളകതവഹൃദി സപതി തത്വബോധേന നീ
കാമകോപദ്വേഷലോഭമോഹാദികൾ (1988 പുറം 304)

കപികൾ പലരും നാലുദിക്കിലും സീതാന്വേഷണത്തിന് പോകുന്നുണ്ടെങ്കിലും ഹനുമാന് മാത്രമാണ് മുദ്രാമോതിരവും അടയാളവാക്യവും രാമൻ നല്കുന്നത്. ഹനുമാന്റെ തിരിച്ചുവരവ് കാണുമ്പോൾതന്നെ മറ്റു കപികൾ കാകുൽസ്ഥാനുഗ്രഹവശാൽ ഹനുമാൻ കാര്യം സാധിച്ചിരിക്കുന്നു എന്ന് ഊഹിക്കുന്നുണ്ട്. ഇത് തന്ത്രവാർത്തികത്തിലെ ഒരു പ്രമാണത്തിലേയ്ക്ക് വെളിച്ചംവീശുന്നു. അതായത് എത്രുനിഗൂഢമായി, എത്രുസ്പന്ദങ്ങളെവഹിച്ച്, എത്രുപ്രകാശപൂർണ്ണമായി ഗുരുവിൽനിന്ന് ശിഷ്യനിലേയ്ക്ക് ദീക്ഷാരൂപേണമന്ത്രം പ്രവഹിക്കുന്നുവോ അത്രയും ശക്തമായി ശിഷ്യനിലെ ചിത്തിന്റെ ശക്തിയുണരും. ഇവിടെ ഗുരുശിഷ്യപാരസ്പര്യത്തിന്റെ അഗാധതലങ്ങളിൽ മന്ത്രനിസ്വനംകൊണ്ട് ഗുരു ശിഷ്യന്റെ ചിത്ത് തൊട്ടുണർത്തുകയാണ് ചെയ്യുന്നത്. അപ്പോഴാണ് മൂകൻ വാചാലനാകുന്നത്. മുടന്തൻ ഗിരിശൃംഗങ്ങളും ശതകയോജനാവിസ്തൃതിയുള്ള ജലനിധികളും ലംഘിക്കുന്നത്. അപ്പോഴാണ് ശിഷ്യൻ അറിയുന്നത് തന്റെ അറിവുകൊണ്ടല്ല മഹദനുഗ്രഹം കൊണ്ടാണ് എല്ലാം സംഭവിക്കുന്നതെന്ന്. ഇത് സംപ്രസാദന വിദ്യയാണ്. ആ സംപ്രസാദനവിദ്യയും അതിന്റെ ആനന്ദലഹരിയുമാണ് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തെ തന്ത്രസാധനയുടെ എക്കാലത്തെയും പ്രൗഢഗ്രന്ഥമാക്കുന്നത്.

## ആധാരഗ്രന്ഥങ്ങൾ

1. തുഞ്ചത്ത് എഴുത്തച്ഛൻ, അദ്ധ്യാത്മരാമായണം, 1988, ഡി.സി. ബുക്സ്, കോട്ടയം.
2. നിർമ്മലാനന്ദഗിരി മഹാരാജ്, തന്ത്ര: ആഗമങ്ങൾ ജ്ഞാനാർത്ഥങ്ങൾ, 2015 മാതൃഭൂമി ബുക്സ്, കോഴിക്കോട്